പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273 08.11.2019 ൽമറുപടിയ്ക്ക്

## ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്<br>,, വി.എസ്.ശിവകുമാർ<br>,, അനൂപ് ജേക്കബ്<br>,, ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി പ്രകാരം അമിതഭാരത്തിന് എത്ര തുകയാണ് പിഴയായി ഈടാക്കുന്നത്; അധികമായി വരുന്ന ഓരോ ടണ്ണിനും കൂടുതൽ പിഴ ഈടാക്കുവാൻ നിർദ്ദേശമുണ്ടായിരുന്നോ; | (എ) & (ബി) | പുതുക്കിയ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194(1) പ്രകാരം അമിത ഭാരത്തിന് 20,000/- രൂപയും അധികമുള്ള ഓരോ ടണ്ണിനും 2,000/- രൂപയും ആണ് പിഴയായി നിർദ്ദേശിച്ചിരുന്നത്. എന്നാൽ കേന്ദ്ര നിയമ പ്രകാരമുള്ള തുക വളരെ ഉയർന്നതായതിനാൽ വ്യാപകമായ പൊതുജന പ്രതിഷേധം ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ചില വകുപ്പുകൾ പ്രകാരമുള്ള പിഴ തുകകൾ കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 194(1)-ാം വകുപ്പ് പ്രകാരമുള്ള പിഴ തുകയും കുറയ്ക്കാൻ തീരുമാനിച്ചിരുന്നു. ഇപ്രകാരം അമിത ഭാരത്തിനുള്ള പിഴ തുക 10,000/- ആയും അധികമുള്ള ഓരോ ടണ്ണിനും ഉള്ള പിഴ തുക 1,500/- ആയും കുറച്ചിട്ടുണ്ട്.<br>അമിത ഭാരം കൂടുന്നതിനനുസരിച്ച് പിഴ തുകയും കൂടുന്നതാണ് എന്നതിനാൽ ഇത് നിയമലംഘകർക്ക് സഹായകമായ സാഹചര്യം ഉണ്ടാക്കുമെന്ന് കരുതുന്നില്ല. |
| (ബി) | അമിതഭാരം കയറ്റുന്ന വാഹനങ്ങൾക്കുള്ള പിഴ തുക സംസ്ഥാനം കുറച്ചിട്ടുണ്ടോ;<br>എത്ര അധിക ലോഡ് കയറ്റിയാലും ഒരു പിഴ തുക മാത്രം ഈടാക്കിയാൽ മതിയെന്ന് ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ പിഴയിൽ കുറവ് വരുത്തിയത് ക്വാറി മാഫിയകൾ അടക്കമുള്ള നിയമലംഘകർക്ക് അനുകൂലമാകുമെന്നതിനാൽ ഇക്കാര്യം പുന: പരിശോധിക്കുമോ? | | |

സെക്ഷൻ ഓഫീസർ